## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6704** 9-11-2016 -ൽ **മറുപടിക്ക്**

## ഊർജ്ജദൂത് പദ്ധതി

| | ചോദ്യം<br>ശ്രീ. സി. ദിവാകരൻ :<br>ശ്രീമതി ഗീതാ ഗോപി :<br>ശ്രീ. വി.ആർ. സുനിൽ കുമാർ :<br>ശ്രീമതി സി.കെ. ആശ : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഊർജ്ജദൂത്' എന്ന പദ്ധതി കെ.എസ്.ഇ.ബി. നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പാക്കുന്നെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡ് ഊർജ്ജ-ദൂത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 2016 സെപ്റ്റംബർ മാസം മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ഉള്ളൂർ, കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനുകളിലും നിലവിൽ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപഭോക്താക്കൾക്ക് വേണ്ടി ഊർജ്ജ-സൗഹൃദ പദ്ധതി 25.10.2016-ന് സമർപ്പിച്ചു. മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്ന സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കൾക്കും ഈ സേവനം ലഭ്യമാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയിക്കുമോ; | (ബി) | വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കി വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഊർജ്ജ-ദൂത്. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപണികൾ മൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളും അടിയന്തിര ഘട്ടങ്ങളിൽ ഉണ്ടാകുന്ന തടസ്സങ്ങളും യഥാസമയം ഉപഭോക്താക്കളെ അറിയിക്കുന്നിതിനാണ് ഊർജ്ജ-ദൂത് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | അടിയന്തര ഘട്ടങ്ങളിൽ വൈദ്യുതി മുടങ്ങുമ്പോൾ എസ്.എം.എസ്. / വാട്ട്സ് ആപ്പ് വഴി നല്കുന്ന പരാതികൾ സ്വീകരിച്ചതായും നിശ്ചിത സമയം വ്യക്തമാക്കി ആ സമയത്തിനുള്ളിൽ പരാതിക്ക് പരിഹാരം കാണുമെന്നുള്ള മറുപടി എസ്.എം.എസ്./ വാട്ട്സ് ആപ്പിലൂടെയോ തന്നെ നല്കുന്നതിനു മുള്ള സംവിധാനം നടപ്പാക്കുമോ? | (സി) | വൈദ്യുതി മുടങ്ങുമ്പോൾ എസ്.എം.എസ്./വാട്സ് ആപ്പ് വഴി നൽകുന്ന പരാതികൾ സ്വീകരിച്ചതായി എസ്.എം.എസ്. വഴി അറിയിക്കുന്നതാണ്. പരാതി പരിഹരിച്ചതിനു ശേഷം ഈ വിവരം എസ്.എം.എസ്. ആയി വീണ്ടും ഉപഭോക്താക്കളെ അറിയിക്കുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**